## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1928 — 14/08/2017-ൽ മറുപടിക്ക്

### സർക്കാരിന്റെ കീഴിലുള്ള മരുന്നുകടകളിൽ ഒരേ മരുന്നിന് പല വില

**ചോദ്യം**

**ശ്രീ.പി.കെ. ശശി**

എ) കഴിഞ്ഞ UDF സർക്കാർ കാലയളവിലും തുടർന്നും സർക്കാരിന്റെ കീഴിലുള്ള മരുന്നുകടകളിൽ ഒരേ മരുന്നിന് പല വില ഈടാക്കിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) ഇതു തടയുവാനും മരുന്നു കമ്പനികളുമായി ചർച്ച നടത്തി വില നിശ്ചയിച്ച് ആ വില മാത്രം ഈടാക്കി ജനങ്ങൾക്കു നൽകുന്ന ഒരു ഏകീകൃത സംഭരണ -വിതരണ -വിപണന നയം രൂപീകരിക്കാൻ എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ;

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

എ) യും ബി) യും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ സംരംഭങ്ങളായ സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ-ഫെഡ്, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്നിവ നടത്തിവരുന്ന മാവേലി മെഡിക്കൽ സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, കാരുണ്യാ ഫാർമസികൾ എന്നിവ ഒരേ മരുന്നിന് വ്യത്യസ്ത വില ഈടാക്കുന്നതായി കണ്ട് വരുന്നുണ്ട്. എന്നാൽ ഈ വിലകളെല്ലാം തന്നെ മരുന്നിൽ കാണിച്ചിരിക്കുന്ന പരമാവധി ചില്ലറ വിൽപ്പന വിലയേക്കാൾ (MRP) വളരെ താഴെയാണ്. സംഭരണ പ്രക്രിയയിലും സംഭരണത്തിന്റെ തോതിലുമുള്ള വ്യത്യാസങ്ങൾ കാരണം വ്യത്യസ്ത വിലയ്ക്കാണ് ഓരോ സ്ഥാപനങ്ങൾക്കും മരുന്നുകൾ ലഭിക്കുന്നത്. ഈ വിലയിൽ നിന്നും ഓരോ സ്ഥാപനങ്ങളും വ്യത്യസ്ത ലാഭ വിഹിതം കണക്കാക്കിയാണ് വിൽപ്പന വില നിശ്ചയിക്കുന്നത്. ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡറിന്റെ (Drugs Price Control Order) പരിധിക്കുള്ളിൽ തന്നെയാണ് ഈ വിൽപ്പന വിലയെന്ന-

തിനാൽ നിയമലംഘനങ്ങളൊന്നും ഉള്ളതായി കാണുന്നില്ല.

**സി)** കഴിഞ്ഞ സർക്കാർ കാലയളവിൽ ഇപ്രകാരം മരുന്നിന് /മെഡിക്കൽ ഉപകരണങ്ങൾക്ക് ഇത്തരം സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ ഈടാക്കിവരുന്ന വില ഏകീകരിക്കാൻ 2012 ആഗസ്റ്റ് മാസം ഉത്തരവു നൽകിയശേഷം എന്തു തുടർ-നടപടികളാണ് സ്വീകരിച്ചത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

**ഡി)** വ്യത്യസ്ത മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപന-ങ്ങളെ ഏകോപിപ്പിച്ച് ജനങ്ങൾക്ക് വിലക്കുറവിലും ഒരേ വിലയിലും മരുന്നുകൾ നൽകുവാൻ ആരോഗ്യ-വകുപ്പ് എന്തു നടപടി സ്വീകരിക്കും എന്നു വ്യക്തമാക്കുമോ?

**സി) യും ഡി) യും** ഈ സ്ഥാപനങ്ങൾക്ക് ഒരേ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കണമെങ്കിൽ എല്ലാ സ്ഥാപനങ്ങളും ചേർന്ന് ഏകീകൃത സംഭരണ സംവിധാനം നടപ്പിലാ-ക്കേണ്ടതുണ്ട്. മെഡിക്കൽ സ്റ്റോറുകൾ സ്ഥിതി ചെയ്യുന്ന ഇടമനുസരിച്ചാണ് മരുന്നുകളുടെ ആവശ്യകതയിൽ മാറ്റം വരുന്നത്. ആയതിനാൽ ഏകീകൃത സംഭരണ രീതി പൂർണ്ണമായും പ്രായോഗികമല്ല.

സെക്ഷൻ ഓഫീസർ